# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2201

23.03.2012 ൽ മറുപടിക്ക്

**പഞ്ചായത്തുകളിൽ ഗ്രീൻ ടെക്നോളജി സെന്റർ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി. സുധാകരൻ | ഡോ.എം.കെ.മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |

എ) ഗ്രാമ പഞ്ചായത്തുകളിലെ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

എ) 01.04.2011 മുതൽ എല്ലാ പഞ്ചായത്തുകളിലും അക്രുവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നിലവിൽ വന്നു.

ബി) പഞ്ചായത്തുകളിൽ 'ഗ്രീൻ ടെക്നോളജി സെന്ററുകൾ' ആരംഭിക്കുന്നതിന്റെ ലക്ഷ്യം എന്താണ്; അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

ബി) ഗ്രാമ പഞ്ചായത്തുകളിൽ ഗ്രീൻ ടെക്നോളജി സെന്ററുകൾ ആരംഭിക്കുന്നത് ഗ്രാമ പഞ്ചായത്തുകളിലെ വ്യവസായങ്ങൾ പ്രകൃതിക്ക് അനുകൂലമായ രീതിയിൽ നടത്തുന്നതിനും ചുരുങ്ങിയ ചെലവിലുള്ള കൃഷി മാർഗ്ഗം അവലംബിക്കുന്നതിനുമാണ്. അമ്പലപ്പുഴ മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകൾ ഒന്നും തന്നെ ഗ്രീൻ ടെക്നോളജി സെന്റർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

| | |
|---|---|
| സി) അമ്പലപ്പുഴ മണ്ഡലത്തിൽ പാലിയേറ്റീവ് കെയർ പ്രോഗ്രാം നടപ്പാക്കിയിട്ടുള്ള ഗ്രാമ പഞ്ചായത്തുകൾ ഏതെല്ലാം; ശേഷിക്കുന്ന പഞ്ചായത്തുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | സി) അമ്പലപ്പുഴ മണ്ഡലത്തിലെ തകഴി, അമ്പലപ്പുഴ തെക്ക്, പുന്നപ്ര- വടക്ക്, പുറക്കാട് ഗ്രാമ പഞ്ചായത്തുകളിൽ പാലിയേറ്റീവ് കെയർ പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ട്.പുന്നപ്ര തെക്ക് പഞ്ചായത്തുകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**